സ്വാർത്ഥത്തോടുള്ള സമരത്തെ
ചൈനക്കാർ വിവരിക്കുന്നു

# അഹന്തയുടെ വിപത്ത്

(പ്യാംഗ് സിങ്ങ്-ഷു)

(അമേരിക്കയിലെ പ്രോഗ്രസ്സീവ് ലേബർ പാർട്ടിയുടെ
മുഖപത്രത്തിൽനിന്നു്)

ചൈനാ പബ്ലിക്കേഷൻസ്
കല്ലായി റോഡ്
കോഴിക്കോട്-2, കേരളം.

# ON CHANGE

*by*

PIAO HSING-SHU

(From China Reconstructs, December 1969)

CHINA PUBLICATIONS
KALLAI ROAD,
CALICUT - 2, KERALA

# അഹന്തയുടെ വിപത്ത്

**ഒന്നുകിൽ നിങ്ങാം നല്ലവനായി മാറുന്നു,**

**അല്ലെങ്കിൽ നിങ്ങാം ദുഷിച്ചവനായി മാറുന്നു,**

**മാററമില്ലാതെ അതേപടി നില്ക്കാൻ സാദ്ധ്യമല്ല.**

ഞാൻ ഹെയ്ലുങ്ക്യാങ്ങ് പ്രവിശ്യയിൽ ഒരു കമ്മ്യൂണിലെ ചിയെൻ കൗ ഉല്പാദന ബ്രിഗേഡിലെ (ഉല്പാദന പ്രവത്തനത്തിലേപ്പെട്ടവരുടെ സംഘം) ഒരംഗമാണ്. എൻെറ ഉല്പാദന ടീമിലെ കാളവണ്ടിക്കാരനായിരുന്നു ഞാൻ. എന്നാൽ മഹത്തായ തൊഴിലാളിവഗ്ഗ സാംസ്കാരിക വിപ്ലവത്തിന്നിടയിൽ ദരിദ്രകഷ്കരും താഴ്ന്ന മദ്ധ്യമകഷ്കരും എന്നെ ഞങ്ങളുടെ ബ്രിഗേഡിൻെറ വിപ്ലവക്കമ്മെററിത്തലവനായും കൗണ്ടി വിപ്ലവക്കമ്മിററിയുടെ സ്റ്റാണ്ടിങ്ങ് കമ്മററി അംഗമായും തിരഞ്ഞെടുത്തുകൊണ്ട് ഒരു നേതാവാക്കി. എൻെറ സ്ഥാനത്തിന്ന് മാററം വന്നു, എൻെറ ജോലിക്ക് മാററം വന്നു, എൻെറ ചുററുപാടുകാംക്ക് മാററംവന്നു, എൻെറ മനസ്സിന്നും മാററം വരുമോ? എല്ലാ വസ്തുക്കളും നിരന്തരം മാറിക്കൊണ്ടിരിക്കുകയും വികസിക്കുകയും ചെയ്യുന്നുവെന്നും ആളുകളുടെ മനസ്സും ഇതിൽനിന്നതീതമല്ലെന്നും എൻെറ സ്വന്തം അനുഭവവും ചെയർമാൻ മാവോവിൻെറ തത്വശാസ്ത്രപരമായ ചിന്തയെപ്പററി ഞാൻ നടത്തിയ പഠനവും എനിക്ക് വ്യക്തമാക്കിത്തന്നു. ഒന്നുകിൽ നിങ്ങാം നല്ലവനായിമാറുന്നു, അല്ലെങ്കിൽ നിങ്ങാം ദുഷിച്ചവനായി മാറുന്നു. മാററമില്ലാതെ അതേപടി നില്ക്കാൻ സാദ്ധ്യമല്ല.

പക്ഷെ മാററമൊന്നുമില്ലാതെ നില്ക്കുക എന്നതു് ലളിതവും എളുപ്പവുമാണെന്നായിരുന്നു ഞാൻ ആദ്യം കരുതിയതു്. ദരിദ്രകഷ്കരും താഴ്ന്ന മദ്ധ്യമകഷ്കരും എന്നിൽ വിശ്വാസമപ്പിക്കുക കാരണം നേതൃത്വം നല്കുന്ന ഒരു ജോ

ലിയിലേക്ക് അവർ എന്നെ തിരഞ്ഞെടുത്തുവെന്നു് എനിക്കു് ബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ ഞാൻ അവർ എനിക്കു തന്ന അധികാരം മുറുകെ പിടിക്കുകയും അതു് ബുദ്ധിപൂർവ്വകമായി പ്രയോഗിക്കുകയും ചെയ്യേണ്ടതുണ്ടു്. എന്തൊക്കെ സംഭവിച്ചാലും ഞാൻ ഒരിക്കലും മാറരുതു്. ഞാൻ ഇങ്ങിനെയും കണക്കു് കൂട്ടി : ഒരു ദരിദ്രകർഷക കുടുംബത്തിൽ നിന്നാണു് ഞാൻ വന്നതു്. പഴയ സമുദായത്തിൽ ഞങ്ങൾക്കു് ഭീകരമായ വിഷമതകളനുഭവിക്കേണ്ടി വന്നിട്ടുണ്ടു്. ചൂഷക വർഗ്ഗങ്ങളെ ഞങ്ങൾ കഠിനമായി വെറുക്കുന്നു. എന്റെ അമ്മ പാരമ്പര്യമുള്ളൊരു കമ്മ്യൂണിസ്റ്റു് പാർട്ടീ അംഗമാണു്. പതിനെട്ടാമത്തെ വയസ്സിലാണു് ഞാൻ പാർട്ടിയിൽ ചേർന്നതു്. ഞങ്ങളെല്ലാം സാധാരണ പറയാറുള്ളപോലെ, അക്ഷരാർത്ഥത്തിൽത്തന്നെ ചുകപ്പു് തൊട്ടിലിലായിരുന്നു ഞാൻ പിറന്നതു് ; ചെങ്കൊടിക്കു് കീഴിലായിരുന്നു ഞാൻ വളർന്നതു്. പിന്നീടു് മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിൽ എല്ലാ സമയത്തും ''ചെയർമാൻ മാവോസേതുങ്ങിന്റെ ഉദ്ധരണികൾ'' ഞാൻ കൈകളിൽ കൊണ്ടുനടന്നിരുന്നു. ചെയർമാൻ മാവോവിന്റെ ശിക്ഷണങ്ങൾക്കനുസരിച്ചു് എല്ലാ കാര്യങ്ങളും ചെയ്യാൻ ഞാൻ ശ്രമിച്ചിരുന്നു. ദരിദ്ര കർഷകരോടും താഴ്ന്ന മദ്ധ്യമ കർഷകരോടും വളരെ അടുപ്പത്തിൽ ഞാൻ ജീവിച്ചു. കാരണം, ഞങ്ങളെല്ലാം വിപ്ലവമുണ്ടാക്കുന്നതിൽ ചെയർമാൻ മാവോവിനെ പിന്തുടർന്നിരുന്നു. ഇതു് എന്നെ ഉരുക്കുപോലെ ഉറപ്പിക്കുകയും പകതയുള്ളവനാക്കിത്തീർക്കുകയും ചെയ്തു. മാത്രമല്ല നേതൃത്വം നല്കുന്ന ഒരു ജോലി ഞാനേറെറടുത്തിരുന്നുവെങ്കിൽ കൂടിയും ഇപ്പോഴും ഞാൻ മണ്ണിന്റെ മക്കളിലൊന്നാണു് ; മററു കമ്മ്യൂൺ അംഗങ്ങളെപ്പോലെത്തന്നെ ഞാനും പാടത്തെ പണികൾ ചെയ്യുന്നുമുണ്ടു്. എന്റെ നേതൃത്വ ജോലി നിർവ്വഹിക്കാനായി കൊല്ലത്തിൽ രണ്ടോ മൂന്നോ മാസങ്ങൾ മാത്രമേ എനിക്കു് കൗണ്ടി തലസ്ഥാനത്തു് ചിലവഴിക്കേണ്ടി വന്നിട്ടുള്ളു. എന്നെപ്പററിത്തന്നെ ഞാനങ്ങേയററം ജാഗ്രത പുലർത്തുന്നിടത്തോളം കാലം എനിക്കു് യാതൊരു മാററവും സംഭവിക്കുന്നതല്ലെന്നു് ഞാൻ ചിന്തിച്ചുപോയി.

പക്ഷെ ഈ ലോകത്തിൽ കാര്യങ്ങഠം അത്രമാത്രം ലളിതമല്ല. നമ്മുടെ മഹാനായ നേതാവു് ചെയർമാൻ മാവോ നമ്മെ പഠിപ്പിക്കുന്നു : ''നിർദ്ദിഷ്ട സാഹചര്യങ്ങളിൽ ഏതൊരു വിരുദ്ധഘടകവും അതിൻെറ വിപരീതമായി സ്വയം രൂപാന്തരപ്പെടുന്നു.'' ഇതിലുമേറെ സത്യം മററൊന്നുമില്ലതന്നെ. ഒരു പ്രധാനകാര്യം കൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു : ''ഇവിടെ സാഹചര്യങ്ങഠം അത്യന്താപേക്ഷിതമാണു്. നിർദ്ദിഷ്ട സാഹചര്യങ്ങളുടെ അഭാവത്തിൽ രണ്ടു് വിരുദ്ധ ഘടകങ്ങളിലൊന്നിന്നും തന്നെ അതിൻെറ വിപരീതമായി സ്വയം രൂപാന്തരപ്പെടുവാൻ കഴിയുന്നതല്ല.''

ഞാൻ നേതാവായിത്തീർന്നതിന്നു ശേഷമുണ്ടായ ചില കാര്യങ്ങഠം ഇതെന്നെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കിച്ചു. ബ്രിഗേഡിൻെറ ആഫീസിൽ ബഞ്ചുകഠം പലതുണ്ടു് ; പക്ഷെ കസാല ഒന്നു മാത്രമേയുള്ളു. ആദ്യം വരുന്ന ആഠം കസാലയിലിരിക്കും ; ആരും അതേപ്പററി ഒന്നും വിചാരിച്ചിരുന്നില്ല. പക്ഷെ കുറേക്കാലം കഴിഞ്ഞതോടെ ആരും തന്നെ, അവരെത്ര നേരത്തെ വന്നാലും ശരി, അതിലിരിക്കില്ല. എന്തുകൊണ്ടു് ? കാരണം, ഞാനാമുറിയിൽ വരുമ്പോഴൊക്കെ അതിൽ ഞാനായിരിക്കും. അതെനിക്കൊരു പതിവായിത്തീർന്നു. ഞാൻ കരുതി : 1800 പേരുള്ള ഒരു ബ്രിഗേഡിൻെറ തലവനല്ലെ ഞാൻ. ഞാൻ കസാലയിലിരിക്കണമെന്നതു് സ്വാഭാവികം മാത്രമാണു്. നേതാവായിരിക്കുന്നതു് ആകെയുള്ള ആ ഒരേയൊരു കസാലയിരിക്കുന്നതുമായി ഞാൻ ബന്ധപ്പെടുത്തി. ഒരു നേതാവായതുകൊണ്ടു് ഞാൻ മററുള്ളവരേക്കാഠം ഉയർന്നവനാണെന്നു് എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ തോന്നാൻ തുടങ്ങി എന്നല്ലെ ഇതു് കാട്ടിയതു് ?

മററു ചിലതുകൂടി ഉണ്ടായിരുന്നു. തുടക്കത്തിൽ എൻെറ പ്രവർത്തനത്തിന്നായി കൗണ്ടിയിലേക്കു് ഞാൻ പോകേണ്ടി വന്നപ്പോഠം അവിടെയുള്ള സഖാക്കഠം എന്നെ ''സ്വാ

വൊ പിയാവൊ '' (കൊച്ച പിയാവൊ) എന്നു വിളിക്കുമായിരുന്നു. അന്നെനിക്ക് 23 വയസ്സേ ആയിരുന്നുള്ളു. ഇങ്ങിനെയെന്നെ സാധാരണമായി വിളിക്കുന്നതിൽ ഊഷ്മളതയും സന്തുഷ്ടിയും എനിക്കനുഭവപ്പെട്ടിരുന്നു. എന്നാൽ ജോലി എന്നെ മിക്കപ്പോഴും പൊതുജന ദൃഷ്ടിയിലെത്തിച്ചതോടെ ചിലരെന്നെ '' കമ്മററിയംഗം '' എന്നും '' നേതാവ് '' എന്നും വിളിക്കാൻ തുടങ്ങി. ആദ്യമൊക്കെ ഈ ഔപചാരികമായ വിളി എന്നെ അസ്വസ്ഥനാക്കി. എൻെറ മുഖം സംഭ്രമം കൊണ്ടു് ചുവക്കും, ചിലപ്പോഠം ചൊടിപ്പിക്കുകപോലും ചെയ്തിരുന്നു. പക്ഷെ കാലം കഴിയുന്തോറും ഞാനതുമായി ഇണങ്ങിച്ചേരാൻ തുടങ്ങി. അങ്ങിനെ ദരിദ്രകൃഷകരും താഴ്ന്ന മദ്ധ്യമകൃഷകരും ഊഷ്മളമായി എന്നെ പിന്നേയും അഭിവാദ്യം ചെയ്യുകയും '' കൊച്ച പിയാവൊ '' എന്നു് വിളിക്കുകയും ചെയ്തപ്പോഠം എനിക്കൊട്ടും ഊഷ്മളത അനുഭവപ്പെട്ടില്ലെന്നു മാത്രമല്ല നീരസം തോന്നുകപോലും ചെയ്തു.

ഒരു കസാല അല്ലെങ്കിൽ ഒരു ബഞ്ചു്, ഒരു ''കമ്മിററിയംഗം'' അല്ലെങ്കിൽ ഒരു ''കൊച്ച പിയാവൊ''? ഇത്തരം ചെറിയ കാര്യങ്ങളോടുള്ള എൻെറ മാറിക്കൊണ്ടിരിക്കുന്ന മനോഭാവം ഞാൻ മൗലികമായിത്തന്നെ മാറുകയായിരുന്നെന്നു് കാട്ടിത്തന്നു. അറിയാതെ കണ്ടും അജ്ഞാതമായും ബഹുജനങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു സ്ഥാനത്തു് ഞാൻ വ്യക്തമായും സ്വയം പ്രതിഷ്ഠിക്കുകയായിരുന്നു.

മറെറാരു സംഗതികൂടി എന്നെ ഒരു പാഠം പഠിപ്പിച്ചു. കഴിഞ്ഞ ശൈത്യകാലത്തു് ഞാൻ കൗണ്ടിയിലെ എൻെറ ജോലിയിലായിരുന്നപ്പോഠം ഞങ്ങളുടെ ബ്രിഗേഡു് ഒരു ജലസേചനപദ്ധതിയുടെ പ്രവൎത്തിയിലായിരുന്നു. കഠിനമായ തണുപ്പു്, നിലമാകെ മരവിച്ചിരുന്നു. ഒരു പിക്കാസിന്നുപോലും ചെറിയൊരു വിള്ളലുണ്ടാക്കുവാനേ കഴിഞ്ഞുള്ളു. പണി വളരെ മെല്ലയേ പുരോഗമിച്ചുള്ളു. സ്ഫോടകവസ്തുക്കളുപയോഗിച്ചൊന്നു് തകൎത്താലെന്താ? കൂടുതലൊന്നും ചിന്തിക്കാതെ 1500 യുവാന്നു് (4500) ഡയനാ

മെററും കേപ്പും വാങ്ങുകയും അന്നു് രാത്രിത്തന്നെ അതു് സ്ഥലത്തെത്തിക്കാനായി കാളവണ്ടിക്കുവേണ്ടി ബ്രിഗേഡിലേക്ക് ഫോൺ വിളിക്കുകയും ചെയ്തു. അങ്ങിനെ പുലരുന്നതിന്നുമുമ്പെ ബ്രിഗേഡുള്ളിടത്തു് ഞങ്ങൾ തിരിച്ചെത്തുകയും ചെയ്തു. പക്ഷെ കാളവണ്ടിയിൽ നിന്നും സാധനങ്ങൾ താഴേയിറക്കാനാരംഭിക്കുമ്പോഴേക്കും ദരിദ്ര കഷികരുടേയും താഴ്ന്ന മദ്ധ്യമകഷികരുടേയും സംഘത്തിൻെറ ചെയർമാൻ കടന്നുവന്നു് പറഞ്ഞു: ''അതിറക്കുന്നതവിടെ നില്ക്കട്ടെ.'' എൻെറ നേരെ തിരിഞ്ഞു് അദ്ദേഹം എന്നോടു് ചോദിച്ചു;

''ആരു പറഞ്ഞു നിങ്ങളോടു് ഡയനാമെററു് വാങ്ങാൻ ?''

''ആരുമില്ല'' ഞാനുത്തരം പറഞ്ഞു.

''ഇതേപ്പററി നിങ്ങൾ ആരുമായി ചച്ച്ചെയ്തു ?''

''ആരുമില്ല. ഞാൻ സ്വന്തമായി തീരുമാനമെടുത്തതാണു്.'' ഇതെല്ലാം പറയുമ്പോഴൊക്കെ ഞാൻ സ്വയം ചിന്തിക്കുകയായിരുന്നു; ''ഞാനല്ലെ തലവൻ. ഇത്തരം ഒരു ചെറിയകാര്യം തീരുമാനിക്കാനുള്ള അവകാശംപോലും എനിക്കില്ലേ ?''

ചെയർമാൻ തുടന്നു ചോദിച്ചു: ''നിങ്ങൾ താച്ചായി സന്ദശിച്ചിട്ടുണ്ടു്. അവരുടെ മൊട്ടക്കുന്നുകൾ അവർ രൂപാന്തരപ്പെടുത്തിയതും നല്ല വിളവുകൾ നേടിയതും ഡയനാമെററു് വെച്ചു് തകത്തിട്ടായിരുന്നോ ?''

''അല്ല.'' ഞാൻ സമ്മതിച്ചു.

''കൊച്ചു പിയാവൊ'' ചെയർമാൻ വളരെ ഗൗരവത്തോടെ പറഞ്ഞു: ''1500 യുവാനല്ല ഞങ്ങളെ അലട്ടുന്നതു്. നമ്മുടെ ചിയെൻകൗബ്രിഗേഡിൻെറ സ്വാശ്രയത്വത്തിൻേതായ താച്ചായി സ്പിരിട്ടിനേയും ദീർഘടമായ സമരത്തിന്നുള്ള നമ്മുടെ നിശ്ചയ ദാഢ്യത്തേയും നീ തകത്തുകളയുന്നതാണു് ഞങ്ങളെ അലട്ടുന്നതു്.

## ബഹുജനങ്ങളിൽനിന്നു് അകന്നുപോകൽ

ആ വിമർശനം മൂർച്ചയേറിയതും ന്യായയുക്തവുമായിരുന്നു. പക്ഷെ ഇത്രയധികം ആൾക്കാരുടെ മുമ്പിൽവെച്ചു് എന്റെ തെററു് തുറന്നുകാട്ടപ്പെട്ടുവെന്നതു് എന്റെ മാന്യതക്കുള്ള വലിയൊരിടിവാണല്ലൊ എന്നു് എന്റെ മനസ്സിൽ കുത്തിക്കൊണ്ടേയിരുന്നു. ഈ വികാരം എന്തൊക്കെയായിട്ടും എനിക്കു് തടുക്കാൻ കഴിഞ്ഞില്ല. വീട്ടിലേക്കു് പോകുമ്പോൾ വഴിയിലുടനീളം ഞാനതിന്റെ വിവിധ വശങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ചെയർമാൻ മാവോവിന്റെ ശിക്ഷണം എനിക്കോർമ്മവന്നു. "നമ്മുടെ അധികാരം ആരാണു നമുക്കു് തരുന്നതു? അതു് ജനസംഖ്യയുടെ 90ശതമാനത്തിലധികം വരുന്ന തൊഴിലാളിവർഗ്ഗവും ദരിദ്രകർഷകരും താഴ്ന്ന മദ്ധ്യമകർഷകരും മററു് അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുമാണു്." ഇതു് തികച്ചുംശരിയാണു്. എപ്പോൾ ഞാൻ മാവോസേതുങ്ങു് ചിന്തക്കനുസൃതമായി കാര്യങ്ങൾ ചെയ്യുന്നുവോ, എപ്പോൾ ഞാൻ ദരിദ്രകർഷകരേയും താഴ്ന്ന മദ്ധ്യമ കർഷകരേയും അവരുടെ ആവശ്യങ്ങളേയും യഥാർത്ഥത്തിൽ പ്രതിനിധീകരിക്കുന്നുവോ, അപ്പോൾ എനിക്കധികാരമുണ്ടു്, അല്ലാത്തപക്ഷം എനിക്കു് യാതൊരധികാരവുമില്ല. ഡയനാമെററു് വാങ്ങുന്ന കാര്യത്തിൽ ഞാൻ ചെയ്തുപോയതു് ദരിദ്രകർഷകരുടേയും താഴ്ന്ന മദ്ധ്യമ കർഷകരുടേയും ആവശ്യങ്ങൾക്കൊത്തതായിരുന്നില്ല; മാവോ സേ തുങ്ങു് ചിന്തക്കു് നിരക്കുന്നതുമായിരുന്നില്ല.

എന്നിട്ടും ഞാൻ "എന്റെ അധികാരത്തെ" പ്പററി ചിന്തിച്ചുകൊണ്ടേയിരുന്നു. എന്റെ തെററു് തുറന്നു കാട്ടപ്പെട്ടതിൽ നീരസപ്പെടുകയും ചെയ്തു. ഞാൻ മാറിക്കൊണ്ടിരിക്കുകയായിരുന്നെന്നല്ലേ ഇതെല്ലാംകാട്ടിയതു്? ബ്രിഗേഡു് വിപ്ലവക്കമ്മിററിയുടെ തലവനായിത്തീർന്നിട്ടധികംകഴിയുന്നതിന്നുമുന്നെ ഞാൻ മറെറാരു രീതിയിൽ പെരുമാറിയ ഒരു സംഭവം അപ്പോൾ ഓർമ്മിച്ചു. 40 യുവാൻ (120ക) വിലവരുന്ന വിത്തുവിതയ്ക്കുന്ന ഒരു യന്ത്രം വാങ്ങു

ന്നതിന്നായി ചില കമ്മിററി അംഗങ്ങരം നീർദ്ദേശമുന്ന യിച്ചപ്പോരം ഞാൻ ബഹുജനങ്ങരംക്കിടയിലേക്ക്ചെന്നു് അവരുടെ വിവിധങ്ങളായ അഭിപ്രായങ്ങരം ആരായുകയും വ്യത്യസ്ഥനിലവാരങ്ങളിലുള്ള കേഡർമാരുമായി അതി നെപ്പററി പലതവണ ചച്ചകരം ചെയ്യുകയുമുണ്ടായി. എ ന്നാലിപ്പോഴാകട്ടെ ഇത്രവലിയൊരുത്തക വേണ്ടിവരുന്ന ഒരു കാര്യത്തെപ്പററി തന്നത്താൻ തീരുമാനമെടുക്കുകയും തന്നിഷ്ടപ്രകാരം പ്രവത്തിക്കുകയും ചെയ്യുവെന്നുമാത്രമല്ല, പിന്നീട് ബഹുജനങ്ങളിൽ നിന്നുവന്ന വിമശ്നത്തിൽ നീരസപ്പെടുകയും ചെയ്യു. ബഹുജനങ്ങളിൽ നിന്നു് വേ റിട്ട്പോകുന്നത്രമാത്രം ഞാൻ മാറിക്കഴിഞ്ഞെന്നല്ലേ ഇതു് കാണിക്കുന്നതു്? എന്റെ ഹൃദയത്തിൽ ബഹുജനങ്ങരംക്ക് സ്ഥാനമില്ലാതാവുകയും അവരെ അവജ്ഞയോടെ നോ ക്കാൻ തുടങ്ങുകയും ചെയ്യുമ്പോരം അതു് എന്റെ അധ:പ്പത നത്തിന്റെ തുടക്കമാണു് കുറിക്കുന്നതു്.

വികാരങ്ങളിലുണ്ടാകുന്ന ഒരു മാററം മിക്കപ്പോഴും ചി ന്താഗതിയിലുണ്ടാകുന്നൊരു മാററത്തിന്റെ ഏററവും വ്യ ക്തമായ സൂചികയാണ്. എന്റെ സ്ഥാനം മാറിയതോടെ എന്നിൽത്തന്നെയുണ്ടായ മാററങ്ങളോടുള്ള എന്റെ ജാഗ്രത യെ പ്രത്യേകമായും തട്ടിയുണർത്തിയ ഒരു സംഭവം ഞാനോ ർമ്മിച്ചു. ഒരു ദിവസം കൗണ്ടിയിലെ ഒരു യോഗം കഴി ഞ്ഞു് വീട്ടിൽ തിരിച്ചെത്തി ഞാൻ അത്താഴം കഴിക്കാൻ തുടങ്ങിയതേയുള്ളൂ. അപ്പോഴേക്കും ഒന്നാം നമ്പർ ഉല്പാദന ടീമിലെ യൂ അമ്മച്ചി വരികയും തന്റെ മകന്നു് സുഖക്കേ ടാണെന്നു് പറയുകയും എന്നോടൊന്നവിടംവരെ ചെല്ലാൻ അഭ്യത്ഥിക്കുകയും ചെയ്യു. ഉണ്ണുന്നപാത്രം താഴെ വെക്കുക പോലും ചെയ്യാതെ ഞാനവരോട് എന്റെ കീഴേയുള്ള ഉപനേതാവിന്റെ അടുത്തു് പോകാൻ പറഞ്ഞു. കുറച്ചുസ മയത്തിന്നുശേഷം അവർ വീണ്ടും തിരിച്ചെത്തി. എന്നോ ടുതന്നെ ചെല്ലാനായി താണുകേണപേക്ഷിച്ചു. പൊടുന്ന നവെ എനിക്ക് എന്നെപ്പററി അതിയായ ലജ്ജതോന്നി. എന്റെ മുഖം കരിഞ്ഞു. ചോറു് തൊണ്ടയിൽ കെട്ടി. പിന്നീടൊരുപിടി ചോറുപോലും തിന്നാൻ കഴിഞ്ഞില്ല. ഞാൻ ചാടിയെഴുന്നേററു് അവരുടെ മകന്നു് വൈദ്യശു

ശ്രുഷ ഏർപ്പാട്ട് ചെയ്യാനിറങ്ങി. 1966ലെ ശൈത്യകാല ത്തുണ്ടായ മറെറാരു സംഭവം എനിക്കോൎമ്മിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം വൈകുന്നേരം ഞാൻ പാട ത്തെ പണികഴിഞ്ഞു് തിരിച്ചെത്തി അത്താഴം കഴി ക്കാനായി ഇരിക്കാൻ തുടങ്ങുമ്പോഴായിരുന്നു സുങ്ങ് അമ്മ ച്ചിക്ക് സുഖമില്ലെന്നു് എൻെറ സഹോദരൻ പറഞ്ഞതു. ഞാൻ ഉടനെത്തന്നെ എൻെറ തീററക്കോലുകരം താഴെ വെച്ച് അവരെ നോക്കാനായിറങ്ങി. തുടൎന്നു ഒരു ഡോക്ടറെ കൊണ്ടുവരാനും കുറിപ്പടിക്കനുസരിച്ച് മരുന്നുകളെ ത്തിക്കാനും മററുമായി ആ ഇരുട്ടത്തുതന്നെ ഞാൻ തിരക്കി ട്ടോടി. പാതിരാവരെ ഞാൻ ധൃതി പിടിച്ച് ചുററിന ടന്നു. എൻെറ കാൽപടങ്ങരം തണുത്തു് മരവിച്ചിരുന്നു. എങ്കിലും എൻെറ ഹൃദയത്തിൽ ഊഷ്മളത അനുഭവപ്പെട്ടു. ഞാനൊരു സാധാരണ കമ്മ്യൂൺ അംഗം മാത്രമായിരുന്ന അക്കാലത്തു് ദരിദ്രകൎഷകരോടും താഴ്ന്ന മദ്ധ്യമ കൎഷക രോടും അത്രമാത്രം ആഴമേറിയ വികാരമായിരുന്നു എനി ക്കുണ്ടായിരുന്നതു്. എന്നാൽ ഇന്നു് ഞാനൊരു നേതാവാ യിത്തീൎന്നതുകൊണ്ടു് എൻെറ വൎഗ്ഗ സഹോദരന്മാരോടുള്ള ഇത്തരം വികാരങ്ങളെല്ലാം തണുത്തുപോയിട്ടുണ്ടു്. ഇതു് മാററമായിരുന്നില്ലേ ?

ചെയർമാൻ മാവോ ചൂണ്ടിക്കാട്ടുന്നു : '' വൎഗ്ഗസമുദായ ത്തിൽ ഏതൊരാളും ഒരു പ്രത്യേക വൎഗ്ഗത്തിൻെറ അംഗമെ ന്നോണമാണ് ജീവിക്കുന്നതു്. ഒന്നൊഴിയാതെ അതിലെ ഏതുതരം ചിന്തയും ഏതെങ്കിലും ഒരു വൎഗ്ഗത്തിൻെറ സവി ശേഷതയാൽ മുദ്രയടിക്കപ്പെട്ടതാണ്. '' ഒരു ദരിദ്രകൎഷ കകുടുംബത്തിൽ ജനിക്കുകയും ചെങ്കൊടിക്കു കീഴിൽ വള രുകയുമാണ് ചെയ്തതെങ്കിലും ഇന്നും ഞാൻ ജീവിക്കുന്ന സമുദായത്തിൽ വൎഗ്ഗങ്ങളുണ്ടു്. ഞാൻ പാൎട്ടിയാൽ വളൎത്ത പ്പെട്ടവനായിരുന്നെന്നു മാത്രമല്ല വൎഷങ്ങളോളം മാവോ സേതുങ്ങ് ചിന്ത കൂടുതൽ കൂടുതൽ ഉരംക്കൊള്ളുകയും ചെ യ്തിട്ടുണ്ടു്. അതേസമയംതന്നെ കുറെയേറെ ബൂൎഷ്വാആശ യങ്ങളാൽ ഞാൻ സ്വാധീനിക്കപ്പെടുകകൂടി ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് എൻെറ ലോകവീക്ഷണത്തിൽ, എൻെറ അ

ടിസ്ഥാന പരമായ പ്രത്യയശാസ്ത്രത്തിൽ, ജനങ്ങളോടുള്ള അകമഴിഞ്ഞ താല്പര്യവും എന്നോടുതന്നെയുള്ള അകമഴിഞ്ഞ താല്പര്യവും തമ്മിലുള്ള സമരം ഇപ്പോഴും നിലനില്ക്കുന്നു. ഒരു സാധാരണ കമ്മ്യൂൺ അംഗം എന്നതിൽനിന്നു് അധികാരമുള്ള ഒരാൾ എന്നതിലേക്ക് എന്റെ സ്ഥാനം മാറിയതോടെ ഈ വൈരുദ്ധ്യം, അതായത്ു '' ജനങ്ങൾക്കവേണ്ടി '' എന്നതും '' എനിക്കുതന്നെവേണ്ടി '' എന്നതും തമ്മിലുള്ളതു്, പുതിയ സാഹചര്യങ്ങളിൽ പുതിയ പോരാട്ടങ്ങളാരംഭിച്ചു. സമരത്തിലൂടെ വൈരുദ്ധ്യത്തിന്റെ ഈ രണ്ടു വിരുദ്ധ ഘടകങ്ങളും അവയുടെ വിപരീതങ്ങളായി സ്വയം പരിവർത്തനം ചെയ്യുന്നു. ഈ പരിവർത്തനം ഒന്നുകിൽ പുരോഗമനപരമായ വഴിക്കാകാവുന്നതാണ് ('' ജനങ്ങൾക്കവേണ്ടി '' എന്നതിലേക്ക്). അല്ലെങ്കിൽ അധോഗതിയുടെ വഴിക്കാവുന്നതാണ് ('' എനിക്ക്തന്നെവേണ്ടി '' എന്നതിലേക്ക്). ജീവിതത്തിൽ പകർത്തിയും കൊണ്ടു് മാവോ സേതുങ്ങ് ചിന്ത പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യുമ്പോഴും, ബോധപൂർവ്വം സ്വാർത്ഥത്തിന്നെതിരായി പോരാടുകയും തിരുത്തൽ വാദത്തെ നിരാകരിക്കുകയും അങ്ങിനെ എന്റെ പ്രത്യാശയശാസ്ത്രത്തെ പുനർവാർത്തെടുക്കാൻ കഠിനമായി പരിശ്രമിക്കുകയും ചെയ്യുമ്പോഴും പുരോഗമനപരമായ വഴിക്ക് ഞാൻ പരിവർത്തനം ചെയ്യപ്പെടുകയും ജനങ്ങളോടുള്ള അകമഴിഞ്ഞ താല്പര്യം എന്റെ ഹൃദയത്തിൽ വളരുകയും ചെയ്യുന്നു. എന്നാൽ എന്റെ പ്രത്യയശാസ്ത്രത്തെ പുനർവാർത്തെടുക്കാനുള്ള പരിശ്രമങ്ങൾക്ക് ഞാൻ അയവുവരുത്തുന്നതോടെ അനിവാര്യമായും ഞാൻ അധോഗതിയിലേക്ക് നീങ്ങുകയും എന്നോടുതന്നെയുള്ള അകമഴിഞ്ഞതാല്പര്യം പ്രാമുഖ്യത്തിൽ വരികയും ചെയ്യുന്നു.

മാററത്തിന്റെ ഉപാധി ബാഹ്യമായ ഹേതുക്കളാണെന്നും മാററത്തിന്റെ അടിസ്ഥാനം അഭ്യന്തരമായ ഹേതുക്കളാണെന്നും, മാത്രമല്ല ബാഹ്യമായ ഹേതുക്കൾ പ്രാവർത്തികമാകുന്നതു് അഭ്യന്തരമായ ഹേതുക്കൾ വഴിയാണെന്നും ഭൗതീകവാദപരമായ വൈരുദ്ധ്യാധിഷ്ഠിതത്തെപ്പററി ന

മ്മുടെ മഹാനായ നേതാവ് ചെയർമാൻമാവോ നമ്മെ പഠിപ്പിക്കുന്നു. എന്റെ സ്വന്തം അനുഭവം ഇതു് തെളിയിക്കുന്നു. ഒരാളുടെ ചിന്താഗതിയെ രൂപാന്തരപ്പെടുത്തുന്നതിൽ ബാഹ്യമായ വസ്തുനിഷ്ഠ പരിതസ്ഥിതികൾ ശക്തിയേറിയ ഒരു സ്വാധീനമാകുന്നുവെങ്കിൽകൂടിയും അവ നിർണ്ണായകമല്ല. കാരണം ഒരാളുടെ അഭ്യന്തരമായ ആത്മനിഷ്ഠഘടകങ്ങൾ ബാഹ്യമായ വസ്തുനിഷ്ഠ പരിതസ്ഥിതികൾക്കൊത്ത പ്രതികരണമുളവാക്കുന്നില്ലെങ്കിൽ അവ ഫലപ്രദമാകുന്നതല്ല. മററു വാക്കുകളിൽ പറകയാണെങ്കിൽ നമ്മുടെ ചുററുപാടുമുള്ള ലോകമാണ് ചിന്താഗതിയിലെ മാററങ്ങൾക്ക് ഹേതുവാകുന്നതു്. പക്ഷെ ഒരു കാര്യം, മാററത്തിന്റെ ഹേതു ചിന്താഗതിക്കുള്ളിൽത്തന്നെ സ്ഥിതിചെയ്യുന്നുണ്ടെങ്കിൽ മാത്രമെ ഇതു് സംഭവിക്കുകയുള്ളു.

ഉദാഹരണത്തിന്നു് ഞാനൊരു നേതാവായശേഷം വ്യത്യസ്ഥമായ വഴികളിലൂടേയുള്ള മാററത്തിലേക്ക് എന്നെ നയിച്ചേക്കാവുന്ന രണ്ടുവസ്തുനിഷ്ഠമായ സാഹചര്യങ്ങളിൽ സ്വയം എത്തിച്ചേർന്നതായി ഞാൻ കണ്ടു. ഒരുഭാഗത്തു് എനിക്ക് പഠിക്കാനും അറിവുനേടാനും കൂടുതൽ സന്ദർഭങ്ങളുണ്ടു്; പ്രധാനപ്പെട്ട രേഖകൾ എനിക്ക് മററുള്ളവരേക്കാളും നേരത്തെ വായിക്കാൻ കഴിയും. നേതാക്കളിൽ നിന്നും സഖാക്കളിൽനിന്നും എനിക്ക് കൂടുതൽ സഹായവും മാർഗ്ഗദർശനവും ലഭിക്കും. ഇവ എന്റെ വികസനത്തെ മുന്നോട്ടുള്ളവഴിക്കു് സ്വാധീനിക്കാൻ കഴിയുന്ന അനുകൂലമായ സാഹചര്യങ്ങളാണ്. പക്ഷെ മറെറാരുതരം സാഹചര്യവും കൂടിയുണ്ടു്. ഒരു നേതാവെന്ന നിലക്ക് മിക്കപ്പോഴും ഞാൻ ബഹുജനദൃഷ്ടിയിൽ പ്രത്യേക ശ്രദ്ധക്ക് പാത്രീഭവിക്കുന്നു. എന്നെ പുകഴ്ത്തുകയും എനിക്ക് ശിങ്കിടി പാടുകയും ചെയ്യുന്ന കുറച്ചാൾക്കാർ എല്ലായ്പ്പോഴുമുണ്ടു്. പങ്കെടുക്കാനായി യോഗങ്ങളും, വായിക്കാനോ സശ്രദ്ധം ചെവിക്കൊള്ളാനോ ആയി റിപ്പോർട്ടുകളും പണ്ടത്തേക്കാൾ എത്രയോ കൂടുതലുണ്ടു്. കൂട്ടായ അദ്ധ്വാനത്തിൽ പങ്കെടുക്കാൻ എനിക്ക് സമയം പണ്ടത്തേക്കാൾ കുറവാണ്. പ്രവൃത്തിയിലും ബഹുജനങ്ങൾക്കിടയിലും ആഴത്തിൽ വേരുകളുന്ന

ന്നതിന്നു് പകരം ഒഴുക്കിൽവെപ്പോൽത്തുരുമ്പു് നീങ്ങുന്നതുപോലെ ജലപ്പരപ്പിൽ പൊങ്ങിക്കിടക്കുകയെന്നതു് എളുപ്പമാണു്. ഞാൻ പിന്നോട്ടുള്ളവഴിക്കു് വികസിക്കുന്നതിന്നു് ഹേതുവാകുന്ന പ്രതികൂലമായ സാഹചര്യങ്ങളാണിവയൊക്കെ. ഈ രണ്ടു് വിപരീതമായ സാഹചര്യങ്ങളേയും ഞാനെങ്ങിനെയാണു് കൈകാര്യം ചെയ്യേണ്ടതു്? ഒരു യഥാൎത്ഥവിപ്ലവകാരി ചെർമാൻ മാവോവിന്റെ തത്വശാസ്ത്രപരമായ ചിന്തയെക്കൊണ്ടു് സ്വയം ആയുധമണിയുകയും, വിപ്ലവം തുടൎന്നുകൊണ്ടേ ഉണ്ടാകുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ളതന്റെ ധാരണ മൂർച്ചിപ്പിക്കുകയും, സാഹചര്യങ്ങളെ താല്പര്യത്തോടുകൂടിയും ഒഴിഞ്ഞുമാറാതെ നേരിട്ടും അഭിമുഖീകരിക്കുകയും അവയെ വിശകലനം ചെയ്യുകയും, അനുകൂലമായ സാഹചര്യങ്ങളെ പൂൎണ്ണമായി വികസിപ്പിക്കുയും അവയെ പ്രതികൂലമായ സാഹചര്യങ്ങളെ അനുകൂലമായ സാഹചര്യങ്ങളാക്കി രൂപാന്തരപ്പെടുത്താൻവേണ്ടി ഉപയോഗിക്കുകയും ചെയ്യേതീരു.

പാടത്തെപ്പണിക്കുവേണ്ടുന്നസമയം യോഗങ്ങൾക്കായി ചിലവഴിച്ചുപോകുന്ന പ്രശ്നം നമുക്കു് പരിശോധിക്കാം. യോഗങ്ങൾ വിളിച്ചുകൂട്ടാതെ പാൎട്ടിയുടെ നിർദ്ദേശങ്ങളും നയങ്ങളും നിങ്ങൾക്കു് പ്രചരിപ്പിക്കാനോ നടപ്പിലാക്കാനോ കഴിയുന്നതല്ല. ഇതാണെങ്കിൽ പ്രവൎത്തനത്തെ ബാധിക്കുകയും ചെയ്യുന്നു. എന്നാൽ കൂട്ടായ കൃഷിപ്പണിയിൽ നിങ്ങൾ പങ്കെടുക്കുന്നില്ലെങ്കിൽ ബഹുജനങ്ങളിൽനിന്നു് നിങ്ങൾ സ്വയം വേർപ്പെടുത്തുകയാണു് ചെയ്യുന്നതു്. അങ്ങിനെ പോയാൽ നിങ്ങളുടെ ചിന്താഗതി തിരുത്തൽ വാദപരമായി മാറുകതന്നെചെയ്യുമെന്നതു് തീൎച്ചയാണു്. നിങ്ങൾക്കു് യോഗങ്ങൾ കൂടിയേതീരു. അതേസമയം കൃഷിപ്പണിയിൽ പങ്കെടുക്കേണ്ടതുമുണ്ടു്. ഇവ രണ്ടും നിങ്ങളുടെ സമയമെടുക്കുന്നു. ഇതൊരുവൈരുദ്ധ്യമാണു്. ഇതു് പരിഹരിക്കുന്നതിന്നുവേണ്ടി ജനങ്ങളോ

ടൊത്തു് വയലിൽ പണിയെടുക്കുന്നതിന്നുവേണ്ടി കിട്ടുന്ന ഓരോ സന്ദർഭവും, അതെത്ര ചുരുങ്ങിയ സമയമാണെങ്കിൽ പോലും ഞാൻ ഉപയോഗപ്പെടുത്തുന്നു. അതേസമയംതന്നെ ഉത്തരവാദിത്വങ്ങളുടെ സാമാന്യയുക്തിക്കനുയോജ്യമായ വിഭജനത്തോടുകൂടിയ ഒരു കൂട്ടനേതൃത്വം ഞങ്ങളുടെ ബ്രിഗേഡിൻെറ നേതൃത്വഗ്രൂപ്പ് ഏപ്പെടുത്തുകയും ചെയ്തു. ഈ വഴിക്കു് ഞങ്ങളുടെ ദൈനം ദിനജോലിയിൽ മാത്രം ഞങ്ങൾക്കു് മുഴുകിവശാകേണ്ടിവരുന്നില്ല. കൂട്ടായ കൃഷിപ്പണിക്കുവേണ്ടി കൂടുതൽ സമയവും ഞങ്ങൾക്കുണ്ടാകുന്നു: അങ്ങിനെ വൈരുദ്ധ്യം പരിഹരിക്കപ്പെട്ടു.

## മുതലാളിത്വത്തിലേക്കുള്ള സമാധാനപരമായ പരിണാമം.

ഇതാ മറെറാരുദാഹരണം. ഒരു നേതാവെന്നനിലയ്ക്കു് എന്നെ മിക്കപ്പോഴും യോഗങ്ങൾ കൂടുമ്പോൾ പ്രസംഗവേദിയിലിരിക്കാനായി ക്ഷണിക്കപ്പെടാറുണ്ടു്. ആദ്യത്തിൽ ഞാനതിന്നിഷ്ടപ്പെട്ടിരുന്നില്ല. ഇതെന്നെ ബഹുജനങ്ങളിൽ നിന്നു് വേർപ്പെടുത്തിയേക്കുമോ എന്നെനിക്കു് ഭയമുണ്ടായിരുന്നു. പിന്നീടു് യോഗങ്ങളിൽ അനിവാര്യമായും ചിലർ പ്രസംഗവേദിയിലും മററുചിലർ താഴേയും ഉണ്ടാകുന്നതാണല്ലോ എന്നെനിക്കു് ബോദ്ധ്യപ്പെടാൻ തുടങ്ങി. പ്രസംഗവേദിയിലിരിക്കുക എന്നതല്ല അപകടകരമായ കാര്യം; പിന്നെയോ, ബഹുജനങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിൽ ഇല്ലാതായിപ്പോകുക എന്നതാണു്. താഴേനിന്നു് പ്രസംഗവേദിയിലേക്കു് കാലെടുത്തുവെക്കുന്നതല്ല അപകടകരമായകാര്യം; പിന്നെയോ, വലിയവനാണെന്നു് നടിക്കുകയും വ്യക്തിപരമായ പ്രശസ്തിതേടുകയും ചെയ്യുക എന്നതാണു്. ജോലികാരണം ഏപ്പെടുത്തിയ സൗകര്യങ്ങൾ നിങ്ങൾ നേതാവിൻെറ സ്ഥാനത്താണല്ലോ എന്ന കാരണത്താൽ നിങ്ങൾക്കവകാശപ്പെട്ട സുഖസൗകര്യങ്ങളാണെന്നു് നിങ്ങൾ കരുതുകയാണെങ്കിലും, ഒരു നേതാവായിത്തീരുക എന്നതു് ജനങ്ങളുടെ പൊതുവായ അദ്ധ്വാന വിഭജനത്തിൻെറ ഭാഗമായല്ലാ, പകരം നിങ്ങൾ മററുള്ളവരേക്കാൾ തെല്ലൊരിട വലിയവനായതുകൊണ്ടാണു് എ

ന്നു് കരുതുകയാണെങ്കിലും അതു് യഥാർത്ഥത്തിൽ അപകടകരമാണു്. ഇതു് ''മുതലാളിത്തത്തിലേക്കുള്ള സമാധാനപരമായ പരിണാമ''ത്തിന്റെ ആരംഭമാണു്. അതുകൊണ്ടു് വൈരുദ്ധ്യത്തിന്റെ ഇരുഭാഗങ്ങളേയും, അതായതു് ഗുണാത്മകവും ദോഷാത്മകവുമായ ഭാഗങ്ങളെ, ബാധിക്കുന്ന സാഹചര്യങ്ങളെ കണ്ടറിയുന്നതായ ഒരു നിലപാടായിരിക്കണം നമ്മുടേതു്; അനുകൂലമായ സാഹചര്യങ്ങളെ ബോധപൂർവ്വം വികസിപ്പിക്കുകയും പ്രതികൂലമായതിനെ രൂപാന്തരപ്പെടുത്താനായി അവയെ ഉപയോഗിക്കുകയും അങ്ങിനെ ഗുണാത്മകമായ വഴിക്കു് വൈരുദ്ധ്യത്തിന്റെ വികസനത്തെ തള്ളിനീക്കുകയും ചെയ്യുന്ന ഒരു നിലപാടായിരിക്കണം നമ്മുടേതു്. നമ്മുടെ സ്വന്തം മാനസീക പ്രവർത്തനത്തെസംബന്ധിച്ചു് നാമിതു് ചെയ്യുമ്പോൾ വിപ്ലവത്തിന്നു് ഗുണകരമായ വഴിക്കു് നാം വികസിക്കുമെന്നതു് തീർച്ചയാണു്.

ചെയർമാൻ മാവോ നമുക്കു് താക്കീതു് തന്നിട്ടുണ്ടു്: ''പ്രത്യയശാസ്ത്രരംഗത്തു് തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള സമരത്തിൽ ആരു് ജയിക്കും എന്ന പ്രശ്നം ഇനിയും യഥാർത്ഥത്തിൽ തീരുമാനിക്കപ്പെട്ടു കഴിഞ്ഞിട്ടില്ല. ബൂർഷ്വാ-പെററിബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്നെതിരായി ഇനിയും നമുക്കു് ദീർഘിച്ചുപോകുന്ന ഒരു സമരം നടത്തേണ്ടതുണ്ടു്. ഇതു് മനസ്സിലാകാതിരിക്കുക എന്നതും പ്രത്യയശാസ്ത്രപരമായ സമരം കയ്യൊഴിക്കുക എന്നതും തെററാണു്.'' പ്രത്യയശാസ്ത്രപരമായി നാം കൂടുതൽ നല്ലതിലേക്കോ അഥവാ കൂടുതൽ ചീത്തയിലേക്കോ മാറുമ്പോൾ ആ മാററം തൊഴിലാളിവർഗ്ഗവും ബൂർഷ്വാവർഗ്ഗവുംതമ്മിലും അവരുടെ വ്യത്യസ്ഥമായ ലോകവീക്ഷണങ്ങൾ തമ്മിലുംഉള്ള പ്രത്യയശാസ്ത്രരംഗത്തെ രൂക്ഷമായ സമരത്തിന്റെ പ്രതിഫലനമാണു്. ഈ സമരത്തിൽ വിപ്ലവകാരികളായ നാം തൊഴിലാളിവർഗ്ഗസർവ്വാധിപത്യമാണു് പ്രത്യയശാസ്ത്രരംഗത്തു് ആധിപത്യം പുലർത്തുന്നതെന്നു് ഉറപ്പുവരു

ത്തിയേതീരൂ. ഇതു് ഉറപ്പു്വരുത്താനായി മാവോ സേതുങ്ങ് ചിന്ത നന്നായി ഗ്രഹിക്കുന്നതിനുവേണ്ടി നാം കഠിനാദ്ധ്വാനം ചെയ്യേതീരൂ; തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിൻ കീഴിൽ വിപ്ലവം തുടർന്നുകൊണ്ടേ പോകേണ്ടതിനെപ്പററിയുള്ള ചെയർമാൻ മാവോവിൻെറ ശിക്ഷണങ്ങൾകൊണ്ടു് നാം സ്വയം ആയുധമണിഞ്ഞേതീരൂ; എല്ലാബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്നുമെതിരായി മുൻകയ്യെടുത്തു് എല്ലായ്പ്പോഴും സജീവസമരം നടത്തുകയും, മാവോ സേ തുങ്ങ്ചിന്തകൊണ്ടു് അവയെ പരാജയപ്പെടുത്തുകയും ചെയ്യേതീരൂ. നമ്മുടെ സ്വന്തം ആത്മാക്കളുടെ ആഴമേറിയ അടിത്തട്ടുകളിൽപോലും നാമൊരു വിപ്ലവം തൊടുത്തുവിട്ടേതീരൂ; സ്വാത്ഥത്തോടു് പോരാടുകയും തിരുത്തൽവാദത്തെ നിരാകരിക്കുകയും ചെയ്യേതീരൂ; സ്വാത്ഥതാല്പര്യത്തെ ഇല്ലായ്മ ചെയ്യുകയും ജനങ്ങളുടെ താല്പര്യങ്ങളോടുള്ള അകമഴിഞ്ഞ ആത്മാർപ്പണം ദൃഢമായി വേരൂന്നിക്കുകയും ചെയ്യേതീരൂ. നമ്മുടെ ജനങ്ങൾ ഒരിക്കലും തിരുത്തൽവാദികളായി മാറുകയില്ലെന്നും നമ്മുടെ തൊഴിലാളിവർഗ്ഗ ഭരണകൂടം അതിൻെറ രാഷ്ട്രീയനിറം ഒരിക്കലും മാററുന്നില്ലെന്നു് ഉറപ്പുവരുത്തുന്നതിനുള്ള ഒരേയൊരു വഴി ഇതൊന്നു മാത്രമാണ്.

കുറിപ്പ്: കിഴക്കൻ ഷാൻസി പ്രവിശ്യയിലെ താച്ചായ് ഉല്പാദന ബ്രിഗേ
ഡ് ദേശവ്യാപകമായറിയപ്പെടുന്ന മുൻപന്തിയിലുള്ള ഒരു
കാർഷിക ഘടകമാണ്. മാവോസേതുങ്ങ്ചിന്ത സൃഷ്ടിപര
മായി പഠിക്കുകയും പ്രയോഗിക്കുകയും, സ്വാശ്രയത്വത്തിൻെറ
സ്പിരിട്ട് പൂർണ്ണമായി പ്രകടിപ്പിക്കുകയും ചെയ്യുകവഴി പ്രകൃ
തിയെ രൂപാന്തരപ്പെടുത്തുന്നതിനുള്ള സമരത്തിൽ താച്ചായ്
വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി.

["ചൈന പുനർനിർമ്മിക്കുന്നു" എന്ന മാസികയുടെ 1969 ഡിസംബർ ലക്കത്തിൽനിന്നു്]

**അച്ചടിയിൽ :**

1. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒമ്പതാം ദേശീയ കോൺഗ്രസ്സിൽ അംഗീകരിച്ച ഭരണഘടന.
2. പ്രവർത്തന സമ്പ്രദായത്തിൽ ശ്രദ്ധ ചെലുത്തുക.
   (പീപ്പിൾസ് ഡെയ്‌ലിയുടെ മുഖപ്രസംഗം)

**In Print :**

1. Constitution of the Communist Party of China as adopted at its 9th National Congress.
2. Pay attention to Methods of Work.
   (People's Daily Editorial 5th Nov. 1969.)

വില : 15 പൈസ

മേസ്കോട്ട് പ്രസ്സ്, കോഴിക്കോട്–1